**കേരള സർക്കാർ**

നം.50412/ഡിബി2/11/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം, തീയതി :13/10/2011

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്:- ആസ്തികളുടെ കണക്കെടുപ്പും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗവും-ആസ്തി രജിസ്റ്റർ ശരിയായ രീതിയിൽ പൂർത്തിയാക്കുന്നത്-സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നം.55178/എഫ്എം3/08/തസ്വഭവ തീയതി 24/8/08.
2. സർക്കുലർ നം. 58608/ഡിബി2/09/തസ്വഭവ തീയതി 13/1/2010.

സംസ്ഥാന സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്ത് കിട്ടിയവ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അധീനതയിലുള്ള പുറമ്പോക്ക് ഭൂമി, തോട്, കുളം എന്നിവ കൈയ്യേറുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ട്. സൂചന സർക്കുലറുകൾ വഴി ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ആസ്തി രജിസ്റ്റർ ചിട്ടപ്പെടുത്തുന്നതിനും കർശനമായ നിർദ്ദേശം നൽകിയിരുന്നിട്ടും പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും തയ്യാറാക്കിയ ആസ്തി രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ലായെന്ന് കാണുകയുണ്ടായി.

2. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ ചിട്ടപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും തങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങളുടെ കൃത്യത പുനഃപരിശോധനയിലൂടെ ഉറപ്പു വരുത്തേണ്ടതാണ്.

(2) തദ്ദേശഭരണ സ്ഥാപനങ്ങൾ 2011 നവംബർ 20-ന് അകം തങ്ങളുടെ ആസ്തി രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ സൂചന (2) സർക്കുലർ പ്രകാരം ശരിയായരീതിയിൽ തയ്യാറാക്കേണ്ടതും ആയതിന്റെ ഇ – കോപ്പി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കേണ്ടതുമാണ്.

(3) ഇപ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കും ആയിരിക്കും. പ്രസ്തുത ഉത്തരവാദിത്വം നിറവേറ്റാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

(4) ഈ പ്രവൃത്തികളുടെ ചെലവുകൾക്ക് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ആവശ്യമെങ്കിൽ പരമാവധി പതിനായിരം രൂപ (10,000 /- രൂപ) വരെ മെയിന്റനൻസ് റോഡിതര ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്.

(5) ഇപ്രകാരം കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ തയ്യാറാക്കി ഓരോ സ്ഥാപനവും ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമവികസന കമ്മീഷണർക്കും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നഗരകാര്യ ഡയറക്ടർക്കും ജില്ലാ പഞ്ചായത്തുകൾ, തദ്ദേശസ്വയംഭരണ (എഫ്.എം) (ഡിബി) വകുപ്പ് അഡീഷണൽ സെക്രട്ടറിമാർക്കും 2011 നവംബർ 25-ന് മുൻപ് റിപ്പോർട്ട് നൽകണം. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സമാഹൃത റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് നൽകണം. വകുപ്പ് മേധാവികൾ 2011 നവംബർ 30-നകം സമാഹൃത റിപ്പോർട്ട് ഗവൺമെന്റിന് നൽകേണ്ടതാണ്.

(6) 20/11/2011-ന് അകം കൃത്യമായ ആസ്തി രജിസ്റ്റർ തയ്യാറാക്കി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തടഞ്ഞു വയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട സെക്രട്ടറി/എഞ്ചിനീയർ എന്നിവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻ മാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം